പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ

104 (3092)ശ്രീ. എ. അലിഹസ്സൻ : കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കശുവണ്ടി ഫാക്ടറികളാണ് പ്രവർത്തനം ഇല്ലാതെ പൂട്ടിക്കിടക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) അവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) കാഷ്യൂ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ എത്ര ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട് എന്നും അടച്ചിട്ടിരിക്കുന്ന ഫാക്ടറികൾ കൂടി കാഷ്യൂ കോർപ്പറേഷൻ ഏറ്റെടുത്തു നടത്താൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 18 ഫാക്ടറികൾ ഇപ്പോൾ പ്രവർത്തനരഹിതമായി പൂട്ടിക്കിടക്കുന്നു.

(ബി) ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കുവാൻ തൊഴിലുടമകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കാഷ്യൂ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ 34 ഫാക്ടറികൾ പ്രവർത്തിക്കുന്നു. അടച്ചിട്ടിരിക്കുന്ന ഫാക്ടറികൾ കാഷ്യൂ കോർപ്പറേഷൻ വഴി ഏറ്റെടുത്ത് നടത്താൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

കേരള സോപ്സ് ആന്റ് ഓയിൽസ്

105 (3093)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കേരള സോപ്സ് ആന്റ് ഓയിൽസ് ഇപ്പോൾ ലാഭകരമായാണോ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ സ്ഥാപനത്തിലെ പ്രതിമാസ ഉൽപ്പാദനം എത്രയാണെന്ന് വിശദമാക്കുമോ;

(സി) ഈ സ്ഥാപനം നവീകരിക്കുന്നതിനാവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അവയെന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അല്ല.

(ബി) സോപ്പ് - 70 ടൺ

ഓയിൽ ഉല്പന്നം - 5 ടൺ

LIBRARY ARCHIVES Kerala Legislative Assembly

(സി)&(ഡി) ഉണ്ട്. കമ്പനിയുടെ പ്രവർത്തനം ലാഭകരമായി മുന്നോട്ട് കൊണ്ട് പോകാൻ ഒരു ''റീ വൈറ്റലൈസേഷൻ''പദ്ധതി തയ്യാറാക്കി പരിശോധിച്ചു വരുന്നു. ഇതിൽ താഴെ പറയുന്ന പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ട്.

1. പ്രവർത്തനം നിലച്ച പൗച്ചിംഗ് പ്ലാന്റ് പ്രവർത്തന സജ്ജമാക്കാൻ കൺസ്യൂമർ ഫെഡ്, റെയ്ഡ്കോ എന്നിവരുമായി ബന്ധപ്പെട്ട് ശ്രമിച്ചു വരുന്നു.

2. സാൻഡൽവുഡ് ഓയിൽ കമ്പനിയിൽതന്നെ നിർമ്മിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

3. 'മഹാബാർ' സോപ്പ് നിർമ്മിക്കുവാനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

4. അഡാമിൻ ക്യാപ്സൂൾ തരൂരിൽ നിന്നും നിർമ്മിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇതിന്റെ വിപണനത്തിനായി കർണ്ണാടക ആന്റി ബയോട്ടിക്കുമായി ധാരണയിൽ എത്തിയിട്ടുണ്ട്.

5. ഓയിൽ ഡിവിഷൻ ഉല്പന്നമായ 'ഫോയിസി'ന്റെ വിപണനം കാർഷിക മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടികൾ എടുത്തു വരുന്നു.

6. ഡൈവോഴ്സിഫിക്കേഷന്റെ ഭാഗമായി സ്പൈസസ് മാലിയോ റസിൽ പ്ലാന്റ് നടപ്പിലാക്കാനുള്ള പദ്ധതിയുടെ പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്.

7. പ്ലാന്റ് ആന്റ് മെഷിനറി നവീകരത്തിനുള്ള ഒരു പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

8. റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് വിഭാഗം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്.

ചവറ-കായങ്കുളം കടൽതീരത്തുള്ള ലോഹമണൽ

106(3102)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ-കായങ്കുളം കടൽതീരത്തുള്ള ലോഹമണൽ ഉപയോഗിച്ച് എന്തെങ്കിലും പുതിയ വ്യവസായം തുടങ്ങാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(സി) വ്യവസായം തുടങ്ങുന്നുണ്ടെങ്കിൽ എവിടെ തുടങ്ങാനാണുദ്ദേശിക്കുന്നത്;

(ഡി) ഈ മേഖലയിൽ കണ്ടെത്തിയിട്ടുള്ള ലോഹമണലുകളുടെ പ്രത്യേകതകൾ വിശദീകരിക്കുമോ;

(ഇ) ഇവിടെ ഈ പുതിയ വ്യവസായത്തിന് എന്തു തുകയാണ് മുടക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly